മലയാള മനോരമ
ESTABLISHED 1888
13 January 2018

# പിടയ്ക്കുന്ന മീൻ വാങ്ങാം, പൊരിച്ച മീൻ കഴിക്കാം..

## 15 മുതൽ 17 വരെ മൽസ്യ–ഭക്ഷ്യ–കാർഷിക വിപണനമേള

കൊച്ചി • മൽസ്യ പ്രേമികളേ.. ഇതിലേ.. ഇതിലേ... പിടയ്ക്കുന്ന കാളാഞ്ചിയും കരിമീനും തിലാപ്പിയയും ജീവനോടെ സ്വന്തമാക്കാൻ ഇതിലും നല്ലൊരു അവസരമില്ല. 15-ാം തീയതിയാണ് ആ സുദിനം. ഹൈക്കോടതിക്കു സമീപമുള്ള കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ കേന്ദ്രത്തിലാണ് കൂടുകൃഷിയിലൂടെ വളർത്തി വലുതാക്കിയ മൽസ്യങ്ങളെ വിപണനം ചെയ്യുന്നത്. 17 വരെ നടക്കുന്ന മൽസ്യ-ഭക്ഷ്യ-കാർഷിക വിപണന മേളയിൽ മീൻ മാത്രമല്ല കൊതിയൂറുന്ന കടൽ ഭക്ഷ്യവിഭവങ്ങളും കഴിക്കാനാകും. കൂടാതെ, പൊക്കാളി അരി, പൊക്കാളി പുട്ടുപൊടി, വിവിധയിനം സുഗന്ധവ്യഞ്ജനങ്ങൾ, ട്യൂണ ഓയിൽ, സംസ്കരിച്ച ട്യൂണ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, കക്ക വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങിയവയും ലഭ്യമാകും.

രണ്ടാമതു രാജ്യാന്തര സഫാരി സമ്മേളനത്തോടനുബന്ധിച്ചാണ് വിപണന മേളയും പ്രദർശനവും ഒരുക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ സ്പൈസസ് ബോർഡിന്റെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെയും സ്റ്റാളിൽ മായം കലരാത്ത ഏലം, കുരുമുളക്, ഗ്രാമ്പൂ, കറുവപ്പട്ട, ജീരകം, മഞ്ഞൾ തുടങ്ങിയവ ലഭിക്കും. അത്യുൽപാദനശേഷിയുള്ള മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയുടെ വിത്തുകളും കുറ്റിക്കുരുമുളകിന്റെ തൈകളുമുണ്ടാകും.

നീര, ശുദ്ധമായ വെളിച്ചെണ്ണ, തേങ്ങ ചിപ്സ്, നീര ഉപയോഗിച്ചുള്ള മധുരപലഹാരങ്ങൾ തുടങ്ങിയ ഉൽപന്നങ്ങളുമായി നാളികേര വികസന ബോർഡ് മേളയിലുണ്ടാകും. ജൈവ പച്ചക്കറികളും ഫലവൃക്ഷങ്ങളുടെ തൈകളും കേരള വെജിറ്റബിൾസ് ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ സ്റ്റാളിൽ ലഭ്യമാകും. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ജൈവ പച്ചക്കറി വിത്തുകൾ, ചക്ക പൗഡർ, പച്ചക്കറി വിത്തുകൾ, ജൈവകീടിനാശിനി, വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക് തുടങ്ങിയവയും ലഭിക്കും.

വിപണന മേളയ്ക്കു പുറമെ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാങ്കേതികവിദ്യകളുടെ പ്രദർശനവുമുണ്ട്. സമുദ്ര അലങ്കാര മൽസ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രവേശനം സൗജന്യം.